**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2193** **21-06-2024 - ൽ മറുപടിയ്ക്ക്**

**താനൂർ ബോട്ട് അപകടത്തിൽപെട്ട കുട്ടികളുടെ ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2023-ൽ താനൂർ തൂവൽ തീരം ബോട്ട് അപകടത്തെ തുടർന്ന് രക്ഷപെട്ട അരിയല്ലൂർ സ്വദേശി ശ്രീ. മൻസൂറിന്റെ മകൾ ആയിഷ മെഹ്റിൻ, പരപ്പനങ്ങാടി നേട്ടവ സ്വദേശി കുന്നുമ്മൽ വീട്ടിൽ മുഹമ്മദ് ജാബിറിന്റെ മകൾ ജെർഷ എന്നീ 2 കുട്ടികളുടെ തുടർ ചികിത്സ സംബന്ധിച്ച് ദേശീയ മനുഷ്യവകാശ കമ്മീഷൻ ആരോഗ്യ വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നോ; പ്രസ്തുത റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ആവശ്യപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത കുട്ടികളുടെ ചികിത്സാ ചെലവിനത്തിൽ എത്ര രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 11/05/2023 ലെ സ.ഉ (കൈ)നം.4/2023/ ഡി.എം.ഡി. പ്രകാരം മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിലെ താനൂർ തൂവൽതീരം ബീച്ചിൽ 07.05.2023-നുണ്ടായ ബോട്ടപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സാചെലവ്, രക്ഷാപ്രവർത്തനങ്ങളുടെ ചെലവ് എന്നിവ വഹിക്കുന്നതിന് 25 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ (SDRF) 2245-80-800-80- Other Miscellaneans Relief Expenditure - എന്ന ശീർഷകത്തിൽ നിന്നും മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിന് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സർക്കാരിന്റെ നിർദ്ദേശ പ്രകാരം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിന്നും ശ്രീ മൻസൂർ മകൾ ആയിഷ മെഹ്റിന്റെ ചികിത്സയ്ക്കായി ചെലവായ 34,706/-(മുപ്പത്തി നാലായിരത്തി എഴുന്നൂറ്റി ആറ്) രൂപയുടെ ബില്ലുകൾ സമർപ്പിക്കുകയും ആയത് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) മുഖേന പരിശോധന നടത്തി ജില്ലാ കളക്ടറുടെ നടപടിക്രമ പ്രകാരം ടി തുക ഹോസ്പിറ്റലിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കുട്ടികൾക്ക് വിദഗ്ധ ചികിത്സ ആവശ്യമാണെങ്കിൽ സ്വകാര്യ സൂപ്പർ/മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളുടെ സേവനം പ്രയോജനപ്പെടുത്തുമോ; വ്യക്തമാക്കാമോ? | (സി) | ശ്രീ മുഹമ്മദ് ജാബിറിന്റെ മകൾ കുമാരി ജെർഷയ്ക്ക് തിരുരങ്ങാടി താലൂക്ക് ആശുപത്രിയോട് പ്രവർത്തിച്ചു വരുന്ന DEIC(District Early Intervention Centre) യിലോ ആരോഗ്യകിരണം പദ്ധതിയ്ക്ക് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുമായി നിലവിൽ എംപാനൽ ചെയ്തിട്ടുള്ള സർക്കാർ ആശുപത്രികളിലോ, മെഡിക്കൽ കോളേജിലോ സൗജന്യ ചികിത്സ നൽകുന്നതാണ്. ശ്രീ മൻസൂറിന്റെ മകൾ ആയിഷ മെഹ്റിന്റെ കുടുംബത്തിന് പി.എം.ജെ.എ.വൈ കാസ്പ് കാർഡ് കിട്ടാനുള്ള യോഗ്യതയുള്ളതിനാൽ എ.ബി.പി.എം.ജെ.എ.വൈ കാസ്പ് പദ്ധതിയ്ക്ക് കീഴിൽ എംപാനൽ ചെയ്തിരിക്കുന്ന ആശുപത്രിയിലോ സർക്കാർ ആശുപത്രിയിലോ മെഡിക്കൽ കോളേജിലോ സൗജന്യ ചികിത്സ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ